പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1516

21.01.2014- ലെ
മറുപടിക്ക്.

## കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക

| ചോദ്യം<br>ശ്രീമതി. കെ. എസ്. സലീഖ | ഉത്തരം<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
|---|---|
| (എ) 2013-14 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക എത്ര ; ആയതിൽ 2013 ഡിസംബർ 31 വരെ എത്ര തുക ചെലവഴിച്ചു ; വിശദമാക്കുമോ ; | (എ) 2013-14 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര സർക്കാർ 2643.20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 2013 ഡിസംബർ 31 വരെ 922.66 കോടി രൂപ (35%) ചെലവഴിച്ചു. |
| (ബി) ഇത്തരത്തിൽ 2012-13 സാമ്പത്തിക വർഷം എന്ത് തുക ലാപ്സായി ; വ്യക്തമാക്കുമോ ; | (ബി) തുക ലാപ്സാവുകയില്ല. 2012-13 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച 2176.60 കോടി രൂപയിൽ 31.03.2013 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 1564.20 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) ഓരോ വർഷം കഴിയുന്തോറും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിക്കുന്ന തുകയും പദ്ധതികളുടെ എണ്ണവും കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (സി) ഓരോ വർഷം കഴിയുന്തോറും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണത്തിൽ കുറവ് കാണുന്നെങ്കിലും അനുവദിക്കുന്ന തുകയിൽ കുറവ് വരുന്നില്ല. |

മറുപുറം ...

(ഡി) ദേശീയ തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ് യോജന, പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി എന്നിവയ്ക്ക് 2013-14 സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചു ; ആയതിൽ എത്ര തുക 2013 ഡിസംബർ 31 വരെ ചെലവഴിച്ചു ; തരം തരിച്ച് വ്യക്തമാക്കാമോ ;

(ഡി) ദേശീയ തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ് യോജന, പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി എന്നിവ ഓരോന്നിനും 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക, 31.12.2013 വരെ ചെലവഴിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു. പി.എം.ജി.എസ്.വൈ. പദ്ധതിയിൽ മുടങ്ങിക്കിടക്കുന്ന പ്രവർത്തികൾ സംസ്ഥാന വിഹിതം ഉൾപ്പെടുത്തി വീണ്ടും ടെൻഡർ വിളിക്കാൻ നടപടി സ്വീകരിച്ചുരികയാണ്.

(തുക കോടിയിൽ)

| | അനുവദിച്ച തുക | | നീക്കിയിരിപ്പ് | ചെലവഴിച്ച തുക |
|---|---|---|---|---|
| | കേന്ദ്രം | സംസ്ഥാനം | | |
| ദേശീയ തൊഴിലുറപ്പ് പദ്ധതി | 987.1 | 15.13 | 14.17 | 910.08 |
| ഇന്ദിരാ ആവാസ് യോജന | 117.38 | 39.13 | 88.08 | 169.14 |
| പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി | - | - | 118.38 | 57.49 |

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതികൾ യഥാസമയം നടപ്പിലാക്കാതെ കോടിക്കണക്കിന് തുക ലാപ്സാകുന്നത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും ; വ്യക്തമാക്കുമോ ?

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രസർക്കാർ അനുവദിക്കുന്ന തുക യഥാസമയം കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനും, ലഭിച്ച തുക പാഴാക്കാതെ അതാത് വർഷം തന്നെ ചെലവഴിക്കുന്നതിനുമായി കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുളള പ്രകാരം മുൻ കാലയളവിലെ യുട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ യഥാസമയം കേന്ദ്ര സർക്കാരിന് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി മാനദണ്ഡങ്ങൾ സംസ്ഥാനത്തിന് യോജിച്ച രീതിയിലല്ലാത്തതിനാൽ പദ്ധതി നിർവ്വഹണത്തിന് തടസ്സം നേരിടുന്ന കേന്ദ്രാവഷ്കൃത പദ്ധതികൾക്ക് സംസ്ഥാന സർക്കാരിന് സ്വീകാര്യമായ രീതിയിൽ പദ്ധതി ഗൈഡ് ലൈനിൽ മാറ്റം വരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Bijumon

സെക്ഷൻ ഓഫീസർ